## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4159 16.03.2017-ലെ മറുപടി**

## ബ്ലൂബ്രിഗേഡ് സംവിധാനം

### ചോദ്യം

**ശ്രീമതി.പി. അയിഷാ പോറ്റി**

എ) വാട്ടർ അതോറിറ്റിയിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

ബി) ജലവിഭവ വകുപ്പിലെ ഏതെല്ലാം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന തിനാണ് ബ്ലൂ ബ്രിഗേഡ് സംവിധാനം വഴി ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കാമോ?

### മറുപടി

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

എയും ബിയും) ബ്ലൂബ്രിഗേഡ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. പൈപ്പ് ലൈനുകളിൽ പൊട്ടൽ പരിഹരിക്കുന്നത് പ്രധാനമായും ഒരു വർഷത്തെ കാലാവധിയുള്ള റണ്ണിംഗ് കോൺട്രാക്ട് മുഖേനയാണ്. ഇത്തരം കരാറുകൾ മിക്കവാറും എല്ലാ പദ്ധതികളിലും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നില്ലായെന്ന പരാതി പല സ്ഥലങ്ങളിലും നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ കരാറുകാരെ ഒഴിവാക്കി കേരള വാട്ടർ അതോറിറ്റി നേരിട്ടുതന്നെ പരാതി പരിഹരിക്കാനുള്ള സംവിധാനമാണ് ബ്ലൂബ്രിഗേഡ് യൂണിറ്റുകൾ. പൈപ്പ് ലീക്കുകൾക്ക് പുറമെ വാൽവ് നിയന്ത്രണം, ഗാർഹിക കണക്ഷനുകളിലെ ലീക്കുകൾ പരിഹരിക്കൽ, കണക്ഷൻ വിച്ഛേദിക്കൽ, ഗാർഹിക കണക്ഷനുകൾ നൽകൽ തുടങ്ങിയവയും ബ്ലൂബ്രിഗേഡ് യൂണിറ്റുകൾ വഴി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

Renuka Sankar
സെക്ഷൻ ഓഫീസർ